റ്റി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പാഠപുസ്തകങ്ങളുടെ അച്ചടി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു വേണ്ടി കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റി, കേരളാ സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ, ഗവൺമെന്റ് പ്രസ്സുകൾ, പ്രൈവറ്റ് പ്രസ്സുകൾ എന്നിവയുടെ സേവനം ഉപയോഗപ്പെടുത്താറുണ്ട്.

(ഡി) ഉണ്ട്.

(ഇ) ബാധകമല്ല.

(എഫ്) ആറാം ക്ലാസ്സിൽ പുതുതായി ഏർപ്പെടുത്തിയ പാഠപുസ്തകങ്ങൾ തയ്യാറാക്കിയതിലുണ്ടായ കാലതാമസം അവയുടെ സമയോചിതമായ അച്ചടിയിലും വിതരണത്തിലും പ്രതിഫലിച്ചു. പേപ്പർ ലഭ്യത വൈകിയതു കാരണവും കുറച്ച് കാലതാമസമുണ്ടായി. വിതരണത്തിലുണ്ടായ വീഴ്ചകളും കാരണമായി.

(ജി) ഇതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

22 (*108) സ്കൂളുകൾ ദത്തെടുക്കൽ

ശ്രീ. എം. മുരളി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീമതി. രാധാ രാഘവൻ :
ശ്രീ. എ.കെ. മണി :
ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജയശതമാനം ലക്ഷ്യമിട്ട് സംസ്ഥാനത്ത് സ്കൂളുകൾ ദത്തെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതി ഏതൊക്കെ ജില്ലകളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) നിർദ്ധനരും സമർത്ഥരുമായ വിദ്യാർത്ഥികൾക്ക് ഈ പദ്ധതി മൂലമുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) ആദ്യപടിയായി ഈ പദ്ധതിയിൻ കീഴിൽ എത്ര സ്കൂളുകളെ ഉൾപ്പെടുത്തുമെന്നും എത്ര വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നും പറയുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) സ്കൂൾ ദത്തെടുക്കുന്ന പദ്ധതി ഇതിനകം ഏറ്റെടുത്ത് നടപ്പാക്കി വരുന്നു.

(ബി) എല്ലാ ജില്ലകളിലും നടപ്പാക്കി വരുന്നു.

(സി) എസ്.എസ്.എൽ.സി. പരീക്ഷയുടെ വിജയശതമാനം ഉയർത്തുന്നതിനായി താരതമ്യേന പഠന നിലവാരം കുറഞ്ഞ വിദ്യാർത്ഥികൾക്കു വേണ്ടിയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. നിർദ്ധന വിദ്യാർത്ഥികൾക്ക് പ്രത്യേക സഹായമൊന്നും നൽകുന്നില്ല. എന്നാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മറ്റു സന്നദ്ധസംഘടനകളും ഈ പരിപാടിയുമായി സഹകരിക്കുകയും സ്കൂൾ സമയം കഴിഞ്ഞ് പഠനത്തിലേർപ്പെടുന്ന വിദ്യാർത്ഥികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

വായ്പ നൽകുകയും മറ്റു പഠന പ്രവർത്തനങ്ങളിൽ സഹകരിക്കുകയും ചെയ്തു വരുന്നു.

(ഡി) ആദ്യപടിയായി 1996-97 അദ്ധ്യയന വർഷത്തിൽ 176 സ്കൂളുകൾ ദത്തെടുത്തു. കുട്ടികളുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടില്ല.

23 (*109) ശുദ്ധജല മത്സ്യ കൃഷി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

(എ) സംസ്ഥാനത്ത് ശുദ്ധജല മത്സ്യ കൃഷി വികസനത്തിന് എന്തൊക്കെ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്.

(ബി) നിലവിൽ ശുദ്ധജല മത്സ്യകൃഷി ഏതൊക്കെ ജില്ലകളിലാണ് നടത്തുന്നത്.

(സി) ഗുണമേന്മയുള്ള മത്സ്യ വിത്ത് കർഷകർക്ക് ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

(ഡി) യു.എൻ.ഡി.പി., എം.പി., ഇ.ഡി.എ. എന്നിവയുടെ സാങ്കേതിക സഹായത്തോടെ മാതൃക ശുദ്ധജല മത്സ്യ ഫാമുകൾ നടത്തി വരുന്നുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ.

(ഇ) ശുദ്ധജല മത്സ്യകൃഷി നടത്തുന്നതിനും സഹകാര്യ വ്യക്തികളെ അതിലേക്ക് പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദേശത്തുനിന്നും സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ. എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) കേരളത്തിലെ എല്ലാ ജില്ലകളിലും ജനകീയ മത്സ്യക്കൃഷി പദ്ധതിയിലൂടെ മത്സ്യ കുഞ്ഞുങ്ങളെ സൗജന്യമായി നൽകുക, മത്സ്യ കർഷക വികസന ഏജൻസി മുഖേന ശുദ്ധജല മത്സ്യ കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ നൽകുക, മത്സ്യ കർഷക ഏജൻസിവഴി പുതിയ കുളം നിർമ്മിച്ച് ശുദ്ധജല മത്സ്യ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 70,000 രൂപ സബ്സിഡി നൽകുക, നിലവിലുള്ള കുളം വൃത്തിയാക്കി മത്സ്യകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 8000 രൂപ നൽകുക, തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ നബാഡിന്റെ മേൽനോട്ടത്തിൽ "കൂട്ടനാട് സമഗ്ര മത്സ്യകൃഷി വികസന പദ്ധതി" പ്രകാരം ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടറിന് 17500 രൂപ നിരക്കിൽ ധനസഹായവും മറ്റ് സാങ്കേതിക സഹായവും നൽകി വരുന്നു.

(ബി) എല്ലാ ജില്ലകളിലും നടത്തിവരുന്നു.

(സി) ഗുണമേൻമയുള്ള മത്സ്യ വിത്ത് കർഷകർക്ക് ലഭ്യമാക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ കീഴിൽ അഴിക്കോടും, കൊല്ലം ജി.ഡബ്ല്യു.എഫ്. എഫ്.ഡി.എ. യുടെ കീഴിൽ നീണ്ടകരയിലും ഹാച്ചറികൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ മത്സ്യ വിത്തുൽപാദനത്തിന് കർഷകർക്ക് പരിശീലനവും സാങ്കേതിക സഹായവും അഡ്വാൻസ് മുഖേന നൽകിവരുന്നു.

(ഡി) നടത്തിവരുന്നില്ല.

(ഇ) ലഭിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly